# ശ്രേഷ്ഠമലയാളം

## ദേശപ്പെരുമയുടെ എഴുത്തിടങ്ങൾ

ഡോ. സ്മിത സി
പ്രൊഫ. വി ലിസി മാത്യു

രജതപൗർണ്ണമി
25
വർഷം
ശ്രീശങ്കരാചാര്യ
സംസ്കൃത സർവ്വകലാശാല

# ചെറുശ്ശേരി : റദ്ദായിപ്പോയ അപരങ്ങളും കാവ്യഭാഷയും

ഡോ. സ്വപ്ന ആന്റണി

ഓരോകവിയും പലതരത്തിലുള്ള അപരങ്ങളെ നിർമ്മിക്കുന്നുണ്ട്. യാഥാർത്ഥ്യത്തിൽ നിന്നുകൊണ്ട് ഭാവനയെയും ആനുഭവിക ജീവിതത്തിൽ നിന്നുകൊണ്ട് ദാർശനികമായൊരു ജീവിതത്തെയും സ്വന്തം ദേശത്തിൽ നിന്നുകൊണ്ട് പ്രപഞ്ചത്തെയും ഭൗതികസ്ഥലിയിൽ നിന്നു കൊണ്ട് സാംസ്ക്കാരികമായ ഇടത്തെയും വ്യവഹാര ഭാഷയിൽ നിന്നുകൊണ്ട് ഒരു കാവ്യഭാഷയെയും ആത്മത്തിൽ നിന്നുകൊണ്ട് അന്യത്തെയും നിർമ്മിക്കുന്നുണ്ട്. ഇങ്ങനെ ഒരുപാട് അപരങ്ങളെ ഓരോ എഴുത്തുകാരനും നിർമ്മിക്കുന്നുണ്ട്. അങ്ങനെയുള്ളഒരു അപരലോകങ്ങളുടെ സമാഹാരമാണ് ഓരോ സാഹിത്യകൃതിയുമെന്ന് പറയാം. ചെറുശ്ശേരി നിർമ്മിച്ചിട്ടുള്ള അപരങ്ങളുടെ സ്വഭാവമെന്താണെന്ന് പരിശോധിക്കുകയാണ് ഈ പ്രബന്ധം.

ചെറുശ്ശേരിനിർമ്മിച്ചിട്ടുള്ള അപരങ്ങൾ എഴുത്തച്ഛനെ അപേക്ഷിച്ച് യാഥാർത്ഥ്യത്തോട് സമരപ്പെട്ടുപോകുന്നതാണ്. യാഥാർത്ഥ്യത്തെ സൂക്ഷ്മവും അഗാധവുമായി അടയാളപ്പെടുത്തുന്ന ദാർശനികമായ അപരത്വമാണ് എഴുത്തച്ഛൻ നിർമ്മിച്ചത്. അതിന് വേദാന്തത്തോടാണ് കൂടുതലടുപ്പം. അത് യാഥാർത്ഥ്യത്തെ ഒരുതരത്തിൽ നിരസിക്കുകയും മറെറാരു ഉൺമയെ സ്ഥാപിക്കുകയും ചെയ്യുന്നതാണ്. വാസ്തവത്തിൽ ഈ ഭൗതീകപ്രപഞ്ചത്തെ, സ്ഥൂലപ്രപഞ്ചത്തെ നിരാകരിച്ചിട്ട് ഒരു സൂക്ഷ്മപ്രപഞ്ചത്തിലേക്കുപോകുന്ന ദർശനമാണ് എഴുത്തച്ഛന്റെ ദർശനം. ചെറുശ്ശേരി അങ്ങനെയല്ല. ചെറുശ്ശേരി മോക്ഷത്തെക്കുറിച്ചൊക്കെ പറയുന്നുണ്ടെങ്കിലും എഴുത്തച്ഛനെപ്പോലെ അത്രമേൽ അഗാധമായൊരു